**ഗൃഹേഷ്വാവിശതാം ചാപി പുംസാം കുശലകർമണാം
മദ്വാർത്തായാതമാനാം ന ബന്ധായ ഗൃഹാ മതാ: (4–30–19)
നവ്യവദ്ധൃദയേ യജ്ഞോ ബ്രഹ്മൈതദ് ബ്രഹ്മവാദിഭി:
ന മുഹ്യന്തി നശോചന്തി നഹൃഷ്യന്തി യതോ ഗതാ: (4–30–20)**

പ്രചേതരുടെ തപസ്സിൻെറ ഫലമായി ഭഗവാൻ പ്രത്യക്ഷപ്പെട്ടതിൻെറ രീതിയും മഹിമയും, മൈത്രയൻ പറഞ്ഞു.: രുദ്രഭഗവാൻ പഠിപ്പിച്ച മന്ത്രങ്ങൾ ജപിച്ചുകൊണ്ട് തടാകക്കരയിൽ ഒരു പതിനായിരം കൊല്ലം പ്രചേതർ തപസ്സനുഷ്ഠിച്ചു. അപ്പോൾ ഭഗവാൻ സ്വയം പ്രത്യക്ഷപ്പെട്ടു. പ്രശാന്തവും തേജസ്സാർന്നതുമായ ഭഗവൽരൂപം അതീവസുന്ദരവും സുഖദായകവും, മഹിമാനിർഭരവുമായിരുന്നു. ഭഗവാൻ പ്രചേതരോട് പറഞ്ഞു. "ഒരു ലക്ഷ്യത്തിനായി ഒറ്റക്കെട്ടായി അച്ചടക്കത്തോടെ സഹോദരസ്നേഹത്തോടെ നിങ്ങൾ ഒരുമിച്ച് പരിശ്രമിക്കുകയാൽ നിങ്ങൾക്ക് ഈ ഭാഗ്യമുണ്ടായി. നിങ്ങളെക്കുറിച്ച് ദിവസം ഓർമ്മിക്കുകയെങ്കിലും ചെയ്യുന്നവർക്ക് സഹോദര സ്നേഹവും സർവ്വചരാചരങ്ങളോടള്ള മമതയും ഉണ്ടാവുന്നതാണ്. രുദ്ര ഭഗവാൻ രചിച്ച മന്ത്രജപങ്ങളോടെ എന്നെ ഭജിക്കുന്ന ഏതൊരുവനും എൻെറ അനുഗ്രഹവും വരങ്ങളും ലഭ്യമത്രെ.

പ്രചേതരേ, നിങ്ങൾക്ക് താമസം വിനാ പ്രശസ്തനും, പ്രഗൽഭനുമായ ഒരു പുത്രനെ ലഭിക്കാൻ ഭാഗ്യം ഉണ്ടാവുന്നതാണ്. ഒരു അപ്സരസ്ത്രീയിൽ കാണ്ഡുമുനിക്ക് ജനിച്ചതാണ് നിങ്ങൾ വിവാഹം ചെയ്യാൻ പോകുന്ന സുന്ദരി. ജനിച്ചയുടനെ അവളെ അപ്സരസ് കാട്ടിലുപേക്ഷിച്ചു പോയി. കുട്ടിയെ മരങ്ങൾ കാത്തു രക്ഷിച്ചു. രാജസോമം (ചന്ദ്രഭഗവാൻ) കുട്ടിയെ അമൃതൂട്ടി വളർത്തി. അവളെ വിവാഹം ചെയ്താലും. അവളും നിങ്ങളുടെ പാത പിന്തുടർന്ന് നിങ്ങൾ ചെയ്യുന്ന കർമ്മധർമ്മങ്ങൾ തുടരുന്നതാണ്. ശരിയായ കർമ്മങ്ങൾ ചെയ്തും, എൻെറ മഹിമാവിശേഷങ്ങൾ കേട്ടും സമയം ചിലവഴിക്കുന്നവർക്ക് കുടുംബജീവിതം ഒരു ബന്ധനമല്ല തന്നെ. മഹാത്മാക്കളായ സത്യദർശികളിൽനിന്ന് ഹൃദയത്തിൽ ഭക്തിജ്ഞാനങ്ങളുടെ പുതു വെളിച്ചം കിട്ടിയവർ ഒരിക്കലും ദു:ഖത്തിനോ മായയ്ക്കോ അടിമപ്പെടുന്നതല്ല. അവർക്ക് ഇന്ദ്രിയസുഖത്തിന് മേൽ ആസക്തിയുണ്ടാകുന്നതുമല്ല. നിങ്ങളെല്ലാം ഹൃദയം സമ്പൂർണ്ണമായി സംശുദ്ധിയാർന്ന ശേഷം എൻെറ സവിധത്തിൽതന്നെ എത്തിച്ചേരും."

പ്രചേതർ ഭഗവാനെ സ്തുതിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു: "കേവല മനസ്സ്, ഏതൊന്നിലാണോ നാനാത്വം ആരോപിക്കുന്നത്, ആ മഹത്തിന് നമോവാകം. സംസാരദുഖ:ത്തിൽനിന്നു മോചനമേകുന്നവനും, ഭക്തരുടെ ഭഗവാനും, കൃഷ്ണനും, വാസുദേവനും, ശുദ്ധസത്വസ്വരൂപമായ ഹരിയുമായ അവിടേയ്ക്ക് നമസ്കാരം. നാഭിയിൽ താമരയും, കാലിണകൾ താമരപോലുള്ളതും, താമരമാലകൾ മാറിടത്തെ അലങ്കരിക്കുന്നതുമായ ഭഗവാനെ ഞങ്ങൾ നമസ്കരിക്കുന്നു. ഈ സംസാരചക്രത്തിൽ കഴിയാൻ ഞങ്ങൾക്ക് വിധിയുള്ളിടത്തോളം ഞങ്ങൾക്കൊരപേക്ഷ മാത്രം. എപ്പോഴും അവിടുത്തെ കഥകൾ കേൾക്കുമാറാകണം, സത്സംഗം സാധിക്കണം. ഭഗവൽഭക്ത സത്സംഗമാണല്ലോ ഏറ്റവും വലിയ വരം. അങ്ങയുടെ ഏറ്റവും വലിയ ഭക്തനായ പരമശിവനെ ഒരുമാത്രകണ്ടതുമൂലം അവിടത്തെ ദർശനം സാദ്ധ്യമായി എന്നത് സത്സംഗമാഹാത്മ്യം തെളിയിക്കുന്നുണ്ടല്ലോ." ഭഗവാൻ വരം നൽകി അപ്രത്യക്ഷനായി. പ്രചേതർ തടാകത്തിൽനിന്നു പുറത്തുവന്നപ്പോൾ, ചുറ്റുപാടും ഉയർന്നു വളർന്ന മരങ്ങൾ അവരുടെ ആകാശ വീക്ഷണത്തെ തടസപ്പെടുത്തിയതിൽ അവർ കുപിതരായി. എല്ലാ മരങ്ങളും അവർ കത്തിച്ചു കളയാൻ തുടങ്ങി. മരങ്ങളുടെ സൃഷ്ടാവിൻെറ നിർദ്ദേശപ്രകാരം അവ പ്രചേതരോട് കാരുണ്യം യാചിക്കുകയും, അവരുടെ വളർത്തു പുത്രിയായ സുന്ദരിയെ അവർക്കു കന്യാദാനം ചെയ്യാമെന്നു പറയുകയും ചെയ്തു. പ്രചേതർ അവളെ വിവാഹം ചെയ്തു. അവളിൽ ദക്ഷൻ ജനിച്ചു. ഈ ദക്ഷനെയാണ് കഴിഞ്ഞ ജന്മത്തിൽ പരമശിവൻ കൊന്നത്. സൃഷ്ടാവ് സൃഷ്ടിക്കപ്പെട്ട എല്ലാ ജീവജാലങ്ങളുടേയും അധിപനായി ദക്ഷനെ വാഴിച്ചു. പുന:സൃഷ്ടിയുടെ ചുമതല മുഴുവനും ദക്ഷനു നൽകുകയുംചെയ്തു.